പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 403 12.06.2012 ൽ മറുപടിയ്ക്ക്

പ്രകൃതി വാതക വിതരണത്തിന് സംയുക്ത സംരംഭം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പാലോട് രവി<br>ശ്രീ. എം.പി. വിൻസെന്റ്<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. എം.എ. വാഹിദ് | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതി വാതക വിതരണത്തിന് സംയുക്ത സംരംഭം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ; | (എ) സംസ്ഥാനത്ത് പ്രകൃതി വാതക വിതരണത്തിന് സംയുക്ത സംരംഭം രൂപീകരിച്ചിട്ടുണ്ട്. കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി), ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്നാണ് ഈ സംയുക്ത സംരംഭം രൂപീകരിച്ചത്. കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് (കെ.ജി.ജി.എൽ) എന്നാണ് പുതിയ കമ്പനിയുടെ പേര്. സാദ്ധ്യതാ പഠന റിപ്പോർട്ട് അനുസരിച്ച് 2000 കോടി രൂപയുടെ പദ്ധതികളാണ് ഉദ്ദേശിക്കുന്നത്. സംയുക്ത സംരംഭത്തിൽ ഗെയിൽ ഗ്യാസ് ലിമിറ്റഡിന് 26% ഇക്വിറ്റിയും, കെ.എസ്.ഐ.ഡി.സി.യ്ക്ക് 24% ഇക്വിറ്റിയുമാണ് വിഭാവനം ചെയ്യുന്നത്. അവശേഷിക്കുന്ന ഓഹരികൾ സാമ്പത്തിക സ്ഥാപനങ്ങൾക്കും, നിക്ഷേപകർക്കും നൽകാനാണ് ഉദ്ദേശിക്കുന്നത്. |

(...2)

(ബി) പ്രസ്തുത സംരംഭം നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസി ഏതാണ്;

(ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ മാനേജിങ്ങ് ഡയറക്ടറാണ് പ്രസ്തുത സംരംഭത്തിന്റെ നോഡൽ ഓഫീസർ.

(സി) ഏതെല്ലാം കമ്പനികളുമായി ചേർന്നാണ് ഇത് നടപ്പാക്കുന്നത് എന്ന് വ്യക്തമാക്കുമോ?

(സി) ഇതിന് കേരള സംസ്ഥാന വ്യവസായ വികസനകോർപ്പറേഷനും (കെ.എസ്.ഐ.ഡി.സി), ഗെയിൽ ഇന്ത്യ ലിമിറ്റഡിന്റെ പൂർണ്ണ നിയന്ത്രണത്തിലുള്ള ഗെയിൽ ഗ്യാസ് ലിമിറ്റഡും ചേർന്ന് സംസ്ഥാനത്ത് പ്രകൃതി വാതക വിതരണത്തിന് സംയുക്ത സംരംഭമായി കേരള ഗെയിൽ ഗ്യാസ് ലിമിറ്റഡ് (കെ.ജി.ജി.എൽ) എന്ന പുതിയ കമ്പനി രൂപീകരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ